(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന് 2004-05 വർഷം കേന്ദ്ര ഗവൺമെന്റിന്റെ അധിക കേന്ദ്ര സഹായ പദ്ധതിയിലും പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിലുംപ്പെടുത്തി ആകെ 10.22 കോടി ലഭിച്ചിരുന്നു. ഇതിൽ 3.79 കോടിക്കുള്ള പദ്ധതികളും നടപ്പാക്കുകയുണ്ടായി. സാമ്പത്തിക വർഷാവസാനം ലഭിച്ചിരുന്ന ശേഷിച്ച തുകയ്ക്കുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കാൻ കഴിഞ്ഞില്ല. എന്നാൽ 20-5-06 വർഷം ഇവ നടപ്പാക്കുന്നതിനായി പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന പ്രത്യേക/അധിക കേന്ദ്ര സഹായ ഫണ്ടുകളും ലാപ്സാകാറില്ല. കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന തുകയിൽ ചെലവഴിച്ചതിൽ ശേഷിക്കുന്ന തുക തുടർന്നുള്ള വർഷങ്ങളിൽ "ബഡ്ജറ്റ്" ചെയ്യുകയും ചെലവഴിക്കുകയും ചെയ്യുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന് 2004-05 സാമ്പത്തിക വർഷത്തിൽ പ്രത്യേക കേന്ദ്ര ധന സഹായം (എസ്. സി. എ.) ഒന്നും തന്നെ ലഭിച്ചിട്ടില്ല.

ട്രഷറി നിയന്ത്രണം നിമിത്തമുണ്ടായ പ്രതിസന്ധി

112 [2277] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി നിയന്ത്രണം നിമിത്തം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീ-മെട്രിക്ക് ഹോസ്റ്റലുകളും, പോസ്റ്റ്-മെട്രിക്ക് ഹോസ്റ്റലുകളും, ഐ.റ്റി.സി.-കളും, മോഡൽ റസിഡൻഷ്യൽ സ്കൂളുകളും എന്നിവയുടെ പ്രവർത്തനം ട്രഷറി നിയന്ത്രണം മൂലമുള്ള സാമ്പത്തിക പ്രതിസന്ധിയാൽ തടസ്സപ്പെടുന്നതും, പൊതുഹോസ്റ്റലുകളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ്, മെസ്സ് ആനുകൂല്യങ്ങളും എന്നിവ നൽകാത്തതുമൂലം ഹോസ്റ്റലിൽ നിന്ന് പുറത്താക്കപ്പെട്ടതും പരിഹരിക്കാൻ എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചില തടസ്സങ്ങളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രീ-മെട്രിക്ക്, പോസ്റ്റ്-മെട്രിക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും പോസ്റ്റ്-മെട്രിക്ക് ഹോസ്റ്റലുകളിലെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ചെലവുകളും ചില നിബന്ധനകൾക്ക് വിധേയമായി ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഹോസ്റ്റൽ ഫീസ്, മെസ്സ് ഫീസ് എന്നിവ നൽകാത്തതുമൂലം പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഹോസ്റ്റലിൽ നിന്നും പുറത്താക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly